# പാത്രക്കടവ് പദ്ധതി : ഔദ്യോഗികഭാഷ്യത്തിനു മറുപടി

ആധാരം : ഡോ. എ. ലത, കെ. മധു, എസ്. ഉണ്ണികൃഷ്ണൻ എന്നിവർ റിവർ റിസർച്ച് സെന്ററിനുവേണ്ടി (ചാലക്കുടി പുഴ സംരക്ഷണസമിതി) തയ്യാറാക്കിയ പഠനം

ഇ എ) ഇതൊരു ഒഴുക്കുവെള്ള (Run off) പദ്ധതിയാണെങ്കിൽ ഇത്ര വമ്പൻ (64.5 മീ. ഉയരവും 275 മീ. നീളവും) അണക്കെട്ട് വേണ്ട. ഇത്രയേറെ വെൻസ്റ്റോക്കും ടണലും ആവശ്യമില്ല.

ഇവിടെ മുങ്ങുന്നത് അത്ര വനം കുറഞ്ഞ പ്രദേശമല്ല.

ബി) റോഡ് നിർമ്മിക്കുമ്പോൾ അവിടെ റോഡായി മാറുന്നത്ര വിസ്തീർണ്ണം സ്ഥലം മാത്രമേ നശിക്കൂ. ബാക്കിയെല്ലാം റിസർവ്വ് വനമായി തുടരും എന്ന നിലപാട് പരിഹാസ്യമാണ്. വനത്തിനുനടുവിലൂടെയാണ് ഈ റോഡ്. (റോഡിന്റെ 90 ശതമാനവും). ഇത് ഭാവിക്ക് (വനം വെട്ടുകാരെ സഹായിക്കുമെന്നതിനാൽ) കൂടി ദോഷകരമാണ്. ഈ റോഡിനിരുവശവും നശിക്കും. വന്യജീവികളുടെ സഞ്ചാരപഥം തടയും. നീരൊഴുക്കുമാറും (ഇത് റോഡിന്റെ ഇരുവശത്തും പ്രശ്നങ്ങളുണ്ടാക്കും. ചുരുക്കത്തിൽ നശിക്കുന്നവനം 22.16 ഹെക്ടർ ആവില്ല. അതിന്റെ നൂറുമടങ്ങാകും.

സി./സി 12.75 കി.മീ. ദൂരം പുഴയില്ല. അതിന്റെ കരയിൽ മനുഷ്യവാസമില്ലെന്നതു ശരിയല്ല. നദീനാശം നദിക്കരയിൽ താമസിക്കുന്നവരെ മാത്രമല്ല ബാധിക്കുക. ഈ പ്രദേശം താരതമ്യേന ഉയർന്നതാണ്. ഇവിടെ ഭൂമിയിലിറങ്ങുന്ന ജലം എത്രയോ ദൂരേക്കുവരെ നീരൊഴുക്കു നൽകുന്നതാകാം.

## ഡി. നിർമ്മാണ പ്രവർത്തനം

ഇത്രയധികം പാറയും മണ്ണും മാറ്റുന്നതുകൊണ്ടുണ്ടാകുന്ന ദോഷം എങ്ങനെ 'താൽക്കാലിക'മാകും? സസ്യ-ജീവ സമ്പത്തിനേയും മണ്ണിന്റെ ഘടനയേയും നീരൊഴുക്കിനേയും സാരമായി ബാധിക്കും.

ഇ-1-ഇ 2-ഇ3 വൈദ്യുതി ഉൽപാദനം - നീരൊഴുക്ക് ശരാശരി മഴ 5007 മി.മീ. യാതൊരടിസ്ഥാനവുമില്ല. 1977-78 കാലത്ത് സൈലന്റ്‌വാലി പ്രദേശത്ത് അന്നത്തെ പദ്ധതി സംബന്ധിച്ചു നടത്തിയ പഠനങ്ങളിൽ 1965-73 കാലത്തെ ശരാശരി മഴലഭ്യത 3180. മി.മി. ആയിരുന്നു. ഇത് എങ്ങനെ



നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതി - ഡാം സൈറ്റ്

ഫോട്ടോ : അനൂപ്ദാസ്

ഇപ്പോൾ കൂടി? സൈലന്റ്‌വാലി തന്നെയാണ് ഈ പദ്ധതിയുടെ ആവാഹപ്രദേശത്തിൽ സിംഹഭാഗവും.

ആവാഹപ്രദേശമായ 84 ചതു.കി. മീറ്ററിൽ വീഴുന്ന പരമാവധി മഴവെള്ളം - 420 ദശലക്ഷം ഘന മീറ്റർ മാത്രം. ഇതുമുഴുവൻ അണക്കെട്ടിലെത്തില്ല. പരമാവധി 60% വരാം. ബാക്കി നീരാവിയാകും.

കേന്ദ്ര സർക്കാർ നിയമിച്ച എം.ജി.കെ. മേനോൻ നടത്തിയ പഠന റിപ്പോർട്ടിൽ കുന്തിപ്പുഴയിലെ നീരൊഴുക്ക് 293 ദശലക്ഷം ഘനമീറ്റർ ആണെന്നു പറയുന്നു.

എന്നാൽ 30 വർഷങ്ങൾ കഴിയുമ്പോൾ മഴയും നീരൊഴുക്കും 80-100 ശതമാനം കൂടുന്നുവത്രേ! വൈദ്യുതി ഉൽപാദനവും സ്ഥാപിതശേഷിയും തമ്മിൽ ബന്ധമില്ല.

70 മെഗാവാട്ട് ശേഷിയുള്ള ഒരു നിലയം പരമാവധി ഉൽപാദിപ്പിക്കാവുന്ന വൈദ്യുതി പ്രതിവർഷം 600 ദശലക്ഷം യൂണിറ്റ്.

യന്ത്രത്തകരാറും ഗ്രിഡ് പ്രശ്നങ്ങളും കണക്കാക്കിയാൽ (പ്ലാന്റ് ഫാക്ടർ-80 ശതമാനം) ഇത് 480 ദശലക്ഷം യൂണിറ്റാകും.

പക്ഷെ ഇവിടെ ഇതിന്റെ മൂന്നിലൊന്ന് 160 ദശലക്ഷം യൂണിറ്റ് മാത്രം ലക്ഷ്യം. ഫലമോ? നിലയത്തിന്റെ സ്ഥാപിതശേഷി വെറും 23 മെഗാവാട്ട് മാത്രം. ഇതും വനനശീകരണം മൂലം കുറയാം. (ഇടുക്കിയും ശബരിഗിരിയും പോലെ) എല്ലാ ജലവൈദ്യുത പദ്ധതികൾക്കും മുൻഗണനാ പ്രശ്നമുണ്ട്. കുടിവെള്ളം-ജലസേചനം-വൈദ്യുതി ഇവയിൽ ഏതിനു മുൻഗണനയെന്നത്. ഇവിടെ നദിതടയപ്പെട്ട് എല്ലാ ജലവും വൈദ്യുതി ജനറേറ്ററിലൂടെ ഒഴുകിയെത്തണം. വൈദ്യുതി ആവശ്യം ഉണ്ടാകുന്ന സമയത്താവില്ല, കുടിവെള്ളം-ജലസേചന ആവശ്യമുണ്ടാകുക. ഈ വിഷയത്തിലെ തർക്കം മൂലം പലപ്പോഴും ജലം ആവശ്യമില്ലാത്ത മഴക്കാലത്ത് കൂടുതൽ ജലമൊഴുകും. വേനൽക്കാലത്ത് വെള്ളം ആവശ്യമാകുന്ന ഘട്ടത്തിൽ അതുണ്ടാകില്ല.

എഫ് 1 : മൃഗങ്ങൾക്ക് സൈലന്റ്‌വാലി, ബഫർ സോൺ എന്നിങ്ങനെ വ്യത്യാസമില്ല. മറിച്ച് ജലലഭ്യത, ഭക്ഷണലഭ്യത മുതലായവയെയാണവർ ആശ്രയിക്കുന്നത്. അതുകൊണ്ട് ബഫർ സോൺ വനം നശിച്ചാലും മൃഗജീവിതത്തെ ബാധിക്കും. അവരുടെ മാർഗത്തിലാണ് അണക്കെട്ടുവരുന്നത്. അവരുടെ യാത്രയും അതുവഴി നിലനിൽപും അപകടത്തിലാകും. കെട്ടിനിൽക്കുന്ന ജലത്തിൽ ജീവിക്കാത്ത മത്സ്യങ്ങൾ, അവയെ ആശ്രയിക്കുന്ന ജീവികൾ സസ്യങ്ങൾ അങ്ങനെ ഒരു ശൃംഖല തന്നെ നശിക്കും. വെറും ഒരു പ്രത്യേക മത്സ്യം പോയി മറ്റൊന്നുവരുന്ന പ്രശ്നമല്ല.




ജി - പരിസ്ഥിതി സംരക്ഷണം നടപടികൾ..... ഇന്നുവരെ ഒരൊറ്റ പദ്ധതിയിലും ഇതു നടത്തിയിട്ടില്ല. വെറും വാചകം മാത്രം. ഇതിലെ മിക്ക കാര്യങ്ങളും പ്രായോഗികമല്ല. ആയിരത്തിലധികം പേർ നാലു വർഷത്തോളം പ്രവൃത്തിയെടുക്കുന്ന വനം നിലനിൽക്കുമെന്ന് ആർക്ക് വിശ്വസിക്കാനാകും? അവർക്ക് ദൂരെ വീടുപണിയണമെന്നതു നടക്കും. നിർമ്മാണ പ്രവർത്തനം എൻജിനീയർമാർക്ക് താൽപര്യമുള്ള വിഷയമാണ്.

പാറക്കഷണങ്ങളും മണ്ണും വളരെ കൃത്യമായി മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്ത് നിക്ഷേപിക്കുമെന്ന് എന്തൊരുറപ്പ്? മലമ്പുഴയിൽ മലബാർ സിമന്റ് ചുണ്ണാമ്പുകല്ലു ഖനനം നടത്തി പുറത്തുകളഞ്ഞ മണ്ണും പാറയും കൊണ്ട് സീമന്തിനിയെന്ന നദി തന്നെ ഇല്ലാതായി.

പാറ പൊട്ടിക്കുന്ന ജനവാസമുള്ള കേന്ദ്രങ്ങളിൽ പോലും നടക്കാത്ത കാര്യങ്ങളാണ് വെള്ളം തളിക്കലും സൈക്ലോൺ കളക്ടർ വയ്ക്കലും. ഇവിടെ മൃഗങ്ങളും സസ്യങ്ങളും മാത്രമുള്ളിടത്ത് ആരുപറയാൻ?

റോഡ്, വെൻസ്റ്റോക്ക്, ടണൽ, പൈപ്പ്, ജനറേറ്റർ കെട്ടിടം, ക്വാർട്ടേഴ്സ് മുതലായവ നിർമ്മിക്കുമ്പോൾ മണ്ണൊലിപ്പ് ഒഴിവാക്കാൻ നടപടികൾ എടുക്കുന്നതെങ്ങനെ?

പകരം വനവൽക്കരണമെന്നതാകും ഏറ്റവും വലിയ തമാശ. നശിക്കുന്നത് (നേരത്തേ പറഞ്ഞതുപോലെ ഇത് നൂറുമടങ്ങാകും) വെറും 22.16 ഹെക്ടർ പകരം (അൽപം കൂടുതൽ) 23 ഹെക്ടർ വനം... പ്രകൃതിദത്തവനവും ഇവർ വയ്ക്കുന്ന യൂക്കാലിക്കാടും എന്തു സാമ്യം? അതുപോലെത്തന്നെയാണ് ഹരിതബെൽട്ട് തീർക്കലും. കേരളത്തിലെ ഏറ്റവും നല്ല ഹരിതവലയമായ സൈലന്റ്വാലിയും അതിന്റെ സുരക്ഷാവലയവുമാണ് തകർക്കുന്നത്.

പരിസ്ഥിതി മേൽഘട്ട പരിപാടിയും അതിനായുള്ള മാനേജ്മെന്റ് യൂണിറ്റുമെല്ലാം കടലാസിൽ മാത്രമാണുണ്ടാകുക.

## എച്ച്. ചിലവ്

പ്രതീക്ഷിത ചിലവ് 247 കോടിയിൽ നാമമാത്രപണം മാത്രം പുനരധിവാസത്തിനുവച്ചിരിക്കുന്നു. പ്രസരണ ലൈൻ തുടങ്ങിയവ വേറെ. 1999 ലെ നിരക്ക് ഏറെ വർദ്ധിക്കും. ഫലത്തിൽ (വളരെ വേഗം പൂർത്തിയാക്കാമെന്ന അമിത ആത്മവിശ്വാസമുണ്ടായാൽത്തന്നെ) 450 കോടിയെങ്കിലും വേണം. ഉൽപാദനശേഷി 100-120 ദശലക്ഷം യൂണിറ്റ് (വർഷത്തിൽ) ഉണ്ടായാൽത്തന്നെ യഥാർത്ഥ സ്ഥാപിതശേഷി 16 മെഗാവാട്ട് മാത്രം. ചിലവ് മെഗാവാട്ടിന് 28 കോടി കിലോവാട്ടിന് 2.8 ലക്ഷം രൂപ. ഇത് എൻറോണിന്റെ ധാബോൾ നിലയത്തിന്റെ അഞ്ചു മടങ്ങാണ്. (ഇതിന്റെ കൂടെ പരിസ്ഥിതിക്കുണ്ടാകുന്ന നാശം - അതുവഴി ഒരു പക്ഷെ നൂറ്റാണ്ടുകളോളം കുടിക്കാനും കൃഷിക്കും ജലം കിട്ടാത്തതിന്റെ നഷ്ടം, രോഗം, തൊഴിലില്ലായ്മ, ഉൽപാദനക്കുറവ് മുതലായവയുടെ ചിലവുകൾ കൂട്ടുക) പ്രതിവർഷം 100 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉണ്ടാകകാൻ:-

ബോർഡ് ഇന്ന് സഹിക്കുന്ന പ്രസരണ വിതരണനഷ്ടം (പ്രതിദിനം 10 ദശലക്ഷം യൂണിറ്റാണ്) അതായത് 10 ദിവസത്തെ പ്രസരണ നഷ്ടം കുറച്ചാൽ പാത്രക്കടവ് പദ്ധതിയുടെ ഉൽപാദനമായി. അതിനുവരുന്ന ചിലവ് 50 കോടി പോലും വേണ്ട. പാരിസ്ഥിതിക നാശമില്ല......

പക്ഷെ അതിനാണ് തടസം. അതിൽ അഴിമതി സാദ്ധ്യത കുറവാണ്....

ഇപ്പോൾത്തന്നെ കടത്തിൽ മുങ്ങിയ ബോർഡ് വൻതകർച്ചയിലാകും.

ഐ. ഈ പഠനം നടത്തിയിട്ടുള്ള ഇ.ആർ.ആർ.സി. (ERRC) എന്ന സ്ഥാപനം സ്വദേശി ശാസ്ത്രപ്രസ്ഥാനം എന്ന സംഘപരിവാർ കുടുംബാംഗമാണ്.




ഫോട്ടോ : അമിതാഭ്ബച്ചൻ